ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

• • •

പള്ളിയറ ശ്രീധരൻ

# ലിയോനാർഡ് യൂലർ

പതിനെട്ടാം നൂറ്റാണ്ടിലെ ഏറ്റവും മഹാനായ ഗണിതശാസ്ത്രജ്ഞൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ലിയോനാർഡ് യൂലർ 1707 ഏപ്രിൽ 17ന് സ്വിറ്റ്സർലണ്ടിലെ ബേസിലിൽ ജനിച്ചു. പിതാവ് പോൾ യൂലറും മാതാവ് മാർഗരറ്റ് ബ്രക്കറും വൈദിക കുടുംബത്തിൽപെട്ടവരായിരുന്നു. മകനെ വൈദികനാക്കാനായിരുന്നു പിതാവിന്റെ ആഗ്രഹം.

യൂലറിന്റെ പിതാവ് ഗണിതശാസ്ത്രത്തിൽ തത്പരനായിരുന്നു. ജേക്കബ് ബെർണൂലിയുടെ പ്രസംഗം പിതാവിനെ ഗണിതശാസ്ത്രത്തോട് കൂടുതൽ അടുപ്പിച്ചു. അദ്ദേഹത്തിന്റെ പ്രസംഗത്തെക്കുറിച്ച് വീട്ടിൽ ചർച്ച ചെയ്യുമ്പോൾ ലിയോനാർഡും അതിൽ പങ്കുകൊണ്ടു. ക്രമേണ ലിയോനാർഡിനും ഗണിതശാസ്ത്രത്തിനോട് ആഭിമുഖ്യമുണ്ടായി.

യൂലർ, ബേസിൽ സർവകലാശാലയിൽ ചേർന്ന് വൈദ്യശാസ്ത്രവും ഹീബ്രുവും പഠിച്ചു. പ്രായം തികയുന്നതിനു മുമ്പ് തന്നെ യൂലർക്ക് സർവകലാശാലയിൽ ചേരാൻ അവസരം ലഭിച്ചു.

ലിയോനാർഡിന്റെ ഗണിതതാത്പര്യം ജോൺ ബെർണൂലിയെ ആകർഷിച്ചു. അദ്ദേഹം ആഴ്ചയിലൊരിക്കൽ ലിയോനാർഡിന് സ്വകാര്യ ട്യൂഷൻ നല്കി. ക്രമേണ ഡാനിയൽ ബെർണൂലിയും നിക്കോളസ് ബെർണൂലിയും ലിയോനാർഡിന്റെ സുഹൃത്തുക്കളായി. 17-ാമത്തെ വയസ്സിൽ തന്നെ മാസ്റ്റേഴ്സ് ബിരുദം നേടാൻ അദ്ദേഹത്തിന് സാധിച്ചു.

1727ൽ പാരീസ് അക്കാദമി കപ്പലിലെ പായ്മരങ്ങൾ ഏത് വിധത്തിൽ സംവിധാനം ചെയ്താൽ കപ്പൽ ഏറ്റവും മെച്ചമായി ഓടിക്കാൻ കഴിയും എന്ന ഒരു മത്സരപ്രശ്നം പ്രഖ്യാപിച്ചു. ലിയോനാർഡ് ഒന്നോ രണ്ടോ തോണികൾ കണ്ടതല്ലാതെ അതുവരെ ഒറ്റ കപ്പൽപോലും കണ്ടിരുന്നില്ല. പക്ഷേ മത്സരത്തിൽ രണ്ടാം സ്ഥാനം നേടാൻ സാധിച്ചു. ഇത് അദ്ദേഹത്തിന് നല്ല പ്രശസ്തി നേടിക്കൊടുത്തു.

ബേസിൽ സർവകലാശാലയിൽ ഒരു ഗണിതശാസ്ത്ര പ്രൊഫസർ പദവിയിൽ ഒഴിവ് വന്നപ്പോൾ ലിയോനാർഡ് ആ പദവിക്ക് അപേക്ഷിച്ചെങ്കിലും അദ്ദേഹത്തിന് ലഭിച്ചില്ല. നിരാശനായ ലിയോനാർഡ് ഗണിതശാസ്ത്രത്തിൽ ഗവേഷണം തുടരാൻ തീരുമാനിച്ചു. 1727ൽ സെന്റ് പീറ്റേഴ്സ്ബർഗിലെ റഷ്യൻ അക്കാദമിയിൽ ചേരാൻ അദ്ദേഹത്തെ കാതറിൻ ചക്രവർത്തിനി ക്ഷണിച്ചു. പക്ഷേ, ലിയോനാർഡ് സെന്റ് പീറ്റേഴ്സ്ബർഗിൽ എത്തുമ്പോഴേക്കും ചക്രവർത്തിനി അന്തരിച്ചതിനാൽ ജോലി കിട്ടിയില്ല.



*ലിയോനാർഡ് യൂലർ*

1730 വരെ കാര്യമായ ജോലിയൊന്നും ഇല്ലാതെയാണ് അദ്ദേഹം കഴിഞ്ഞുകൂടിയത്. തുടർന്ന് 1730ൽ ഊർജതന്ത്ര പ്രൊഫസറായി ജോലി ലഭിച്ചു. 1733ൽ സെന്റ് പീറ്റേഴ്സ്ബർഗിലെ ഗണിതശാസ്ത്ര പ്രൊഫസർ ഉദ്യോഗം ലിയോനാർഡിന് ലഭിച്ചു. ആ വർഷം അദ്ദേഹം കാതറീന എന്ന യുവതിയെ വിവാഹം കഴിച്ചു.

ഏത് സാഹചര്യത്തിലും എവിടെവച്ചും ഗണിതഗവേഷണം നടത്താൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. റഷ്യയിലുള്ള രാഷ്ട്രീയമായ എല്ലാ പ്രശ്നങ്ങളിൽ നിന്നും ഒഴിവായി അദ്ദേഹം തന്റെ ഗണിതഗവേഷണങ്ങളിൽ മാത്രം മുഴുകി.

ദിദറോ എന്ന പണ്ഡിതൻ തന്റെ സ്വതസ്സിദ്ധമായ ശൈലിയിൽ വാചാലതയോടെ നിരീശ്വരവാദം പ്രചരിപ്പിച്ച് കൊണ്ടിരുന്നു. ഇത് രാജ്ഞിയെ വളരെ അസ്വസ്ഥയാക്കി. കുറച്ചുകാലംകൊണ്ട് തന്റെ രാജ്യത്തെ എല്ലാ പ്രജകളെയും നിരീശ്വരവാദികളാക്കി മാറ്റിയേക്കുമെന്ന് രാജ്ഞി ഭയപ്പെട്ടു. ഇതിന് ഒരു പരിഹാരം കാണാൻ രാജ്ഞി, ലിയോനാർഡ് യൂലറെ ചുമതലപ്പെടുത്തി.

ദൈവം ഉണ്ട് എന്ന് താൻ ഗണിതശാസ്ത്രപരമായി തെളിയിക്കാം എന്ന് രാജസദസ്സിൽ അദ്ദേഹം പ്രഖ്യാപിച്ചു. സദസ്സിന് മുമ്പാകെ ഒരു ബോർഡിൽ ചില ഗണിതസമവാക്യങ്ങൾ എഴുതിക്കൊണ്ടിരുന്നു. താൻ എഴുതുന്ന കാര്യങ്ങളിൽ എന്തെങ്കിലും തെറ്റ് ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണമെന്നും മനസ്സിലാവാത്തവയുണ്ടെങ്കിൽ ചോദിക്കണം എന്നും നിർദേശിച്ചാണ് അദ്ദേഹം അങ്ങനെ ചെയ്തുകൊണ്ടിരുന്നത്.

ദിദറോ വലിയ പണ്ഡിതനായിരുന്നെങ്കിലും കണക്കിൽ അത്ര കേമനായിരുന്നില്ല. പക്ഷേ കണക്കിലുള്ള തന്റെ അജ്ഞത പ്രകടിപ്പിക്കാൻ മടിച്ചത് കാരണം യൂലർ എഴുതുന്നതെല്ലാം ശരിയാണെന്ന് ഇടയ്ക്കിടക്ക് സമ്മതിച്ചുകൊണ്ടിരുന്നു. x എന്നത് ദൈവമാണ് എന്ന് സങ്കല്പിച്ചാണ് യൂലർ കണക്കു ചെയ്യാൻ ആരംഭിച്ചത്. ഒടുവിൽ അദ്ദേഹം $a + b^n/n = x$ എന്ന് തെളിയിക്കുകയും അതിനാൽ ദൈവം ഉണ്ട് എന്ന് സമർത്ഥിക്കുകയും ചെയ്തു.

തനിക്കൊന്നും മനസ്സിലായില്ല എന്ന് സദസ്സിന് മുമ്പാകെ സമ്മതിക്കാൻ ദിദറോവിന്റെ അഭിമാനം സമ്മതിച്ചില്ല. അദ്ദേഹം സദസ്സിൽനിന്ന് ഇറങ്ങിയോടി എന്നാണ് കഥ.

കുട്ടികളെ വളരെ ഇഷ്ടപ്പെട്ടിരുന്ന ഒരാളായിരുന്നു യൂലർ. അദ്ദേഹത്തിന് 13 കുട്ടികളുണ്ടായിരുന്നു. യൂലറുടെ ഏറ്റവും പ്രധാനപ്പെട്ട വിനോദങ്ങളിൽ ഒന്ന് കുട്ടികളുമായി സംസാരിച്ചിരിക്കുകയായിരുന്നു. ലളിതമായ വസ്ത്രധാരണവും വിനയം നിറഞ്ഞ പെരുമാറ്റവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു.

1741ൽ റഷ്യൻ ചക്രവർത്തി ആയിരുന്ന മഹാനായ ഫ്രെഡറിക്, യൂലറെ ബർലിനിലേക്ക് ക്ഷണിച്ചു. ചക്രവർത്തിക്ക് ഗണിതശാസ്ത്രത്തിൽ വലിയ താത്പര്യമുണ്ടായിരുന്നില്ല. പക്ഷേ അക്കാലത്തെ പ്രശസ്തരായ വ്യക്തികൾ തന്റെ കൂടെയായിരിക്കണമെന്ന് താത്പര്യമുണ്ടായിരുന്നു. യൂലറെ ബെർലിൻ അക്കാദമിയുടെ പ്രസിഡണ്ട് ആക്കുകയും രാജകീയമായ സുഖസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അദ്ദേഹം പൂർണമായും തന്റെ ഗണിതഗവേഷണങ്ങളിൽ മുഴുകിയാണ് സമയം ചെലവഴിച്ചിരുന്നത്.

**ദിദറോ എന്ന പണ്ഡിതൻ തന്റെ സ്വതസ്സിദ്ധമായ ശൈലിയിൽ വാചാലതയോടെ നിരീശ്വരവാദം പ്രചരിപ്പിച്ച് കൊണ്ടിരുന്നു. ഇത് രാജ്ഞിയെ വളരെ അസ്വസ്ഥയാക്കി. കുറച്ചുകാലംകൊണ്ട് തന്റെ രാജ്യത്തെ എല്ലാ പ്രജകളെയും നിരീശ്വരവാദികളാക്കി മാറ്റിയേക്കുമെന്ന് രാജ്ഞി ഭയപ്പെട്ടു. ഇതിന് ഒരു പരിഹാരം കാണാൻ രാജ്ഞി, ലിയോനാർഡ് യൂലറെ ചുമതലപ്പെടുത്തി**

1760ൽ റഷ്യൻ സൈന്യം ജർമനി ആക്രമിക്കുകയും കൊള്ളയും കൊലയും നടത്തുകയും ചെയ്ത കൂട്ടത്തിൽ യൂലറുടെ വീടും കൃഷിഭൂമിയും കൊള്ളയടിക്കപ്പെടുകയുണ്ടായി. ഈ സംഭവം റഷ്യൻ ചക്രവർത്തിനിയായ എലിസബത്ത് രാജ്ഞിയിൽ വലിയ കുറ്റബോധമുണ്ടാക്കി. അവർ യൂലറോട് മാപ്പു പറയുകയും അദ്ദേഹത്തിന് വൻതുക നഷ്ടപരിഹാരം നല്കുകയുമുണ്ടായി. യൂലർ എത്രമാത്രം ആദരിക്കപ്പെട്ടിരുന്നു എന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

1766 വരെ യൂലർ ബെർലിനിൽ ഗവേഷണം നടത്തിയിരുന്നു. കഠിനമായ അധ്വാനം നിമിത്തം യൂലറുടെ ഒരു കണ്ണിന്റെ കാഴ്ചശക്തി പൂർണമായും നശിച്ചു പോയിരുന്നു. താമസിയാതെ മറ്റേ കണ്ണിന്റെയും കാഴ്ചശക്തി നശിച്ചു. അന്ധനായിട്ടും അദ്ദേഹം ഗണിതഗവേഷണം നിർത്തിവച്ചില്ല. ശിഷ്യന്മാരാണ് എഴുതാൻ അദ്ദേഹത്തെ സഹായിച്ചിരുന്നത്.

പിന്നീട് യൂലർ സെന്റ് പീറ്റേഴ്സ്ബർഗിലേക്ക് പോയി. അവിടെവെച്ചും തന്റെ ഗവേഷണങ്ങൾ അദ്ദേഹം തുടർന്നു. 1771ൽ ഒരു അഗ്നിബാധയിൽ അദ്ദേഹം പെട്ടുപോയെങ്കിലും ഒരു സുഹൃത്ത് അദ്ദേഹത്തെ രക്ഷിച്ചു. പക്ഷേ അദ്ദേഹത്തിന്റെ പുസ്തകങ്ങളും വിലമതിക്കാനാവാത്ത കുറെ കണ്ടുപിടുത്തങ്ങളും നശിച്ചുപോയി.

നൂറ്റിപതിനെട്ടോളം ഗവേഷണ പ്രബന്ധങ്ങൾ ലിയോനാർഡ് യൂലർ പ്രസിദ്ധീകരിച്ചിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. ഗണിതശാസ്ത്രത്തിന്റെ ധാരാളം മേഖലകളിൽ അദ്ദേഹം വളരെയധികം കണ്ടുപിടുത്തങ്ങൾ നടത്തിയിരുന്നു. മരണം വരെ അദ്ദേഹം ഗണിതഗവേഷണങ്ങളിൽ മുഴുകിയിരുന്നു.

തന്റെ 77-ാമത്തെ വയസ്സിൽ 1783 സെപ്റ്റംബർ 18-ാം തീയതി വൈകുന്നേരം പൗത്രനോടൊപ്പം കളിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് ഹൃദയാഘാതമുണ്ടായി. ഞാൻ മരിക്കുന്നു എന്ന് പറഞ്ഞ് അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ⌗

**1760ൽ റഷ്യൻ സൈന്യം ജർമനി ആക്രമിക്കുകയും കൊള്ളയും കൊലയും നടത്തുകയും ചെയ്ത കൂട്ടത്തിൽ യൂലറുടെ വീടും കൃഷിഭൂമിയും കൊള്ളയടിക്കപ്പെടുകയുണ്ടായി. ഈ സംഭവം റഷ്യൻ ചക്രവർത്തിനിയായ എലിസബത്ത് രാജ്ഞിയിൽ വലിയ കുറ്റബോധമുണ്ടാക്കി. അവർ യൂലറോട് മാപ്പു പറയുകയും അദ്ദേഹത്തിന് വൻതുക നഷ്ടപരിഹാരം നല്കുകയുമുണ്ടായി. യൂലർ എത്രമാത്രം ആദരിക്കപ്പെട്ടിരുന്നു എന്ന് ഈ സംഭവം വ്യക്തമാക്കുന്നു.**

# >> 9 കിനാവു കണ്ടുണർന്നവരുടെ പരാതിയും പരിഭവവും (?)

അഴിമതിയും അഴകുപിണക്കങ്ങളും കൊണ്ട് മലീമസപ്പെടാത്ത സംശുദ്ധരാഷ്ട്രീയത്തിന്റെ ഈടുവയ്പെന്നു വിശേഷിപ്പിക്കാവുന്ന സിപിഐ, ഭരണത്തിലിരുന്ന് പലതും കണ്ട് കണ്ണടയ്ക്കുന്നു. മൗനം പാലിച്ചുകൊണ്ട് അനീതികൾക്ക് സമ്മതം മൂളിയ സംഭവങ്ങളും ചുരുക്കമല്ല. എസ്എൻസി ലാവ്‌ലിൻ കേസ് ഉദിച്ചുയർന്ന നാളുകളിലും മന്ത്രിസഭായോഗത്തിൽ യാതൊന്നും ഉരിയാടരുതെന്ന് മന്ത്രിമാർക്ക് നിർദേശം കൊടുത്തവരുടെ ഇപ്പോഴത്തെ കണ്ടെത്തലും കുമ്പസാരവും ആരാണ് മുഖവിലയ്ക്കെടുക്കുക.

സഖാവ് എം.എൻ. ഗോവിന്ദൻനായരുടെയും ടി.വിയുടെയും പി.ടി. പുന്നൂസിന്റെയും എൻ.ഇ. ബലറാമിന്റെയും ഗർജനം കേട്ടു നടുങ്ങിവിറച്ചിട്ടുള്ള പ്രതിയോഗികൾക്കു മുന്നിൽ നമ്രശിരസ്കരാവുന്നവർക്ക് ഇങ്ങനെ എത്രനാൾ സംഘടനയെ മുന്നോട്ടു നയിക്കാനാവും? അഹന്തയും അതിമോഹങ്ങളുമായി അന്തിച്ചന്തയിൽ മുച്ചീട്ടു കളിക്കിറങ്ങുന്ന കവലച്ചട്ടമ്പിമാർക്ക് ആളെ കൂട്ടുന്ന ദല്ലാളന്മാരാവേണ്ടവരല്ല ഇടതുപക്ഷത്തെ ഘടകകക്ഷികൾ. പ്രത്യേകിച്ച് സിപിഐ. നിർഭാഗ്യവശാൽ ഇപ്പോൾ നിരത്തുന്ന വാദമുഖങ്ങളിലും ആത്മരോഷത്തിലും തെളിയുന്ന മുഖം വ്യക്തമാണ്. ഭാവമാവട്ടെ, പൊളിഞ്ഞ ബാങ്കിന്റെ കാഷ്ചെക്ക് കൈവശമുള്ളവന്റെയും!

കേവല രാഷ്ട്രീയത്തിൽ ഉപജീവിക്കുക എന്നതിനപ്പുറം സാഹിത്യ-സാംസ്കാരികരംഗങ്ങളിൽ മൗലികമായ ചിന്തയും കാഴ്ചപ്പാടുമുള്ള വലതു കമ്യൂണിസ്റ്റു പാർട്ടി, എൽഡിഎഫിലെ കീഴാളരാവുകയാണോ? ഏതു പൊതുക്കാര്യവും സിപിഎമ്മിന്റെ ഉൾപ്പാർട്ടിപ്രശ്നമെന്നു പറഞ്ഞ് വായ്പൊത്തുന്നവർക്ക് പറഞ്ഞിട്ടുള്ളതല്ല രാഷ്ട്രീയവും പൊതുപ്രവർത്തനവും. അത് വോട്ടർമാരെങ്കിലും തിരിച്ചറിഞ്ഞു. ആശയസമരത്തിനു മുന്നിൽ അരാജകവാദിയാകുന്നവരെ ആദ്യമായല്ലല്ലോ പ്രബുദ്ധ

**കേവല രാഷ്ട്രീയത്തിൽ ഉപജീവിക്കുക എന്നതിനപ്പുറം സാഹിത്യ-സാംസ്കാരികരംഗങ്ങളിൽ മൗലികമായ ചിന്തയും കാഴ്ചപ്പാടുമുള്ള വലതു കമ്യൂണിസ്റ്റു പാർട്ടി, എൽഡിഎഫിലെ കീഴാളരാവുകയാണോ? ഏതു പൊതുക്കാര്യവും സിപിഎമ്മിന്റെ ഉൾപ്പാർട്ടിപ്രശ്നമെന്നു പറഞ്ഞ് വായ്പൊത്തുന്നവർക്ക് പറഞ്ഞിട്ടുള്ളതല്ല രാഷ്ട്രീയവും പൊതുപ്രവർത്തനവും. അത് വോട്ടർമാരെങ്കിലും തിരിച്ചറിഞ്ഞു.**

കേരളം ശിക്ഷിക്കുന്നത്!

മൂലധനം നാടകത്തിലെ വികാരജീവിയെപ്പോലെ സ്വപ്നത്തിൽ ഭ്രമിച്ചാൽ യാഥാർത്ഥ്യബോധമുണ്ടാവില്ല. പട്ടത്തിന്റെ സ്വന്തം പാർട്ടിയായ പിഎസ്പിയുടെയും എഴുപതിൽ കുറച്ചൊക്കെ പുഷ്പിച്ചിരുന്ന എസ്എസ്പിയുടെയും സ്പീഷിസിൽ വംശനാശം നേരിടുകയാണോ സിപിഐ എന്ന സംശയം ബലപ്പെടുന്നു. പരാതിക്കും പരിഭവത്തിനും മധ്യത്തിലെ സ്വപ്നാടനക്കാരാവാതെ നട്ടെല്ലുണ്ടെന്നെങ്കിലും കാണിച്ചുകൊടുക്കേണ്ടേ എൽഡിഎഫിലെ ഘടകകക്ഷികൾ? ✪

## അറബ് – കേരള കൾച്ചർ ഫൗണ്ടേഷൻ

# വേലായുധൻ പണിക്കശ്ശേരി ചെയർമാൻ


വേലായുധൻ പണിക്കശ്ശേരി


ആറ്റക്കോയ പള്ളിക്കണ്ടി

കേരളവും അറബ് നാടുകളും തമ്മിലുള്ള സാംസ്കാരിക-സാഹിത്യ-സുഹൃദ്ബന്ധം മെച്ചപ്പെടുത്തുക, അറബ് നാടുകളെയും കേരളത്തെയും ബന്ധപ്പെടുത്തി ചരിത്രപഠനങ്ങളും ഗവേഷണങ്ങളും സംഘടിപ്പിക്കുക, അറബ്-മലയാള ചരിത്ര സാഹിത്യഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെ രൂപീകരിച്ച അറബ്-കേരള കൾച്ചറൽ ഫൗണ്ടേഷൻ മുംബൈ യൂണിവേഴ്സിറ്റി ചരിത്രവിഭാഗം മേധാവി ഡോ.പി.ജി.തോമസ് പോൾ തൃശൂരിൽ ഉദ്ഘാടനം ചെയ്തു.

ഫൗണ്ടേഷന്റെ ചെയർമാനായി പ്രമുഖ ചരിത്രഗവേഷകൻ വേലായുധൻ പണിക്കശ്ശേരിയെയും ജനറൽ സെക്രട്ടറിയായി ആറ്റക്കോയ പള്ളിക്കണ്ടിയെയും തെരഞ്ഞെടുത്തു.

മറ്റു ഭാരവാഹികൾ. ടി.കെ.ഡി.മുഴുപ്പിലങ്ങാട്, കുളമുട്ടം അഷറഫ്, കെ.എ.ജബ്ബാരി (വൈസ് പ്രസിഡണ്ടുമാർ), ഡോ. എം.കെ.സലാഹുദ്ദീൻ, കെ.തോമസ് ജേക്കബ് മറ്റം, പി.പങ്കജാക്ഷൻ നായർ (സെക്രട്ടറിമാർ), ഹസനാർ തളങ്കര (ഖജാൻജി).

അറബ് ഭാഷയിൽ ഉന്നത പഠനം നേടിയവർക്കു കൂടുതൽ പരിശീലനവും പ്രാവീണ്യവും നല്കുന്നതിനു ശില്പശാലകൾ, കേരളവും അറബ് നാടുകളും തമ്മിൽ സാംസ്കാരിക വിനിമയ പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കു യോഗം രൂപം നല്കി. അറബ് ഭാഷാ ഗവേഷണത്തിനു കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ വിപുലമായ സംവിധാനം ഏർപ്പെടുത്തണമെന്നും യോഗം സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടു.

# ഹോളിവുഡ്

ലോകസിനിമാവ്യവസായത്തിന്റെ തലസ്ഥാനമാണ് ഹോളിവുഡ്. അമേരിക്കൻ സിനിമയുടെ പ്രതീകമായിത്തന്നെ ആ വാക്ക് ഉപയോഗിക്കുന്നു. കാലിഫോർണിയ സംസ്ഥാനത്തിന്റെ തലസ്ഥാനമായ ലോസ് ആഞ്ജലസിലെ ഒരു ഡിസ്ട്രിക്ടാണ് ഹോളിവുഡ്. യൂണിവേഴ്സൽ, കൊളംബിയ, എം.ജി.എം തുടങ്ങിയ വൻകിട സ്റ്റുഡിയോകളുടെയും താരങ്ങളുടെയും ആസ്ഥാനമായ ഹോളിവുഡിന്റെ ദൃശ്യസ്വാധീനം ലോകം മുഴുവനുമുണ്ട്.

എന്നാൽ ഇപ്പോൾ ചലച്ചിത്രപ്രവർത്തനങ്ങളിൽ ഏറെയും നടക്കുന്നത് സമീപ മേഖലകളായ ബർബാങ്ക്, വെസ്റ്റ്സൈഡ് എന്നിവിടങ്ങളിലാണ്. എഡിറ്റിംങ്, ഇഫക്ട്സ്, പോസ്റ്റ് പ്രൊഡക്ഷൻ, ലൈറ്റിംങ് കമ്പനികൾ മിക്കവയും ഹോളിവുഡിൽത്തന്നെ പ്രവർത്തിക്കുന്നു.

മൂന്നുലക്ഷമാണ് ഹോളിവുഡ് ഡിസ്ട്രക്ടിലെ ജനസംഖ്യ. ഓസ്കർ അവാർഡുകൾ (അക്കാദമി അവാർഡുകൾ) നല്കുന്നതും ഇവിടെവച്ചാണ്.


ഹോളിവുഡിലെ കൊഡാക് തിയേറ്റർ

ഇന്നത്തെ ഹോളിവുഡിൽ 1853ൽ ഒരു കുടിൽമാത്രമാണുണ്ടായിരുന്നത്. 1870 ആയപ്പോഴേക്കും ചെറിയൊരു കർഷകസമൂഹം വികസിച്ചുവന്നു. 1886ൽ ഹാർവി ഹെൻഡേഴ്സൺ വിൽകോക്സ് എന്നയാൾ റിയൽ എസ്റ്റേറ്റ് വ്യാപാരലക്ഷ്യത്തോടെ 160 ഏക്കർ സ്ഥലം വാങ്ങി. വിൽകോക്സിന്റെ ഭാര്യ ഡൈഡയാണ് ഈ പ്രദേശത്തിന് ഹോളിവുഡ് എന്ന പേരുനല്കിയത്.

20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഹോളിവുഡിൽ അഞ്ഞൂറ് താമസക്കാരും ഒരു പോസ്റ്റോഫീസുമാണ് ഉണ്ടായിരുന്നത്. ഇക്കാലത്തുതന്നെ ന്യൂയോർക്കിലെയും ന്യൂജേഴ്സിയിലെയും സിനിമ നിർമാണക്കമ്പനികൾ ഹോളിവുഡിലേക്കു നീങ്ങിത്തുടങ്ങി. വിശ്വസിക്കാവുന്ന കാലാവസ്ഥയും തുറസ്സായ സ്ഥലങ്ങളും പ്രകൃതിഭംഗിയുമാണ് അവരെ ആകർഷിച്ചത്.

ചലച്ചിത്ര സാങ്കേതികവിദ്യയുടെ ഒട്ടേറെ പേറ്റന്റുകളുള്ള തോമസ് ആൽവാ എഡിസൺ ഈടാക്കിയ ഫീസിൽനിന്നു രക്ഷപ്പെടുക എന്ന ഉദ്ദേശ്യവും ഇതിനു പിന്നിലുണ്ടായിരുന്നു.

1911ൽ ഹോളിവുഡിൽ ആദ്യത്തെ സ്റ്റുഡിയോ (നെസ്റ്റർ സ്റ്റുഡിയോസ്) സ്ഥാപിതമായി. സിനിമയുടെ സ്വപ്നതലസ്ഥാനമെന്ന നിലയിലേക്കുള്ള ഹോളി


വാർണർ ബ്രദേഴ്സ് സ്റ്റുഡിയോ




വുഡിന്റെ അവിടെ തുടങ്ങുകയായിരുന്നു. മൗണ്ട് ലീ എന്ന മലയിലെ 'ഹോളിവുഡ്' എന്ന ബോർഡ് 1923ൽ ആണ് സ്ഥാപിക്കപ്പെട്ടത്. ഒരു റജിസ്ട്രേഡ് ട്രേഡ് മാർക്കാണത്. 1929 മേയ് 16ന് ആദ്യത്തെ ഓസ്കർ അവാർഡു ദാനച്ചടങ്ങ് ഹോളിവുഡിൽ നടന്നു.

1927 മുതൽ 1948 വരെയുള്ള കാലഘട്ടം ഹോളിവുഡിന്റെ സുവർണകാലമെന്നു വിശേഷിപ്പിക്കപ്പെടുന്നു. പാരമൗണ്ട്, ആർ.കെ.ഒ., ട്വന്റിയത് സെഞ്ചുറി ഫോക്സ്, എം.ജി.എം, വാർണർ ബ്രദേഴ്സ് എന്നീ അഞ്ചു വൻ സ്റ്റുഡിയോകളാണ് ഈ ഘട്ടത്തിലെ ഹോളിവുഡ് സിനിമയെ നിയന്ത്രിച്ചത്. ഓരോ സ്റ്റുഡിയോയും സ്വന്തം തീയറ്ററുകളിൽ സ്വന്തം സിനിമകൾ മാത്രം കാണിക്കുന്ന കുത്തകക്കാലമായിരുന്നു അത്. 1948ൽ ചരിത്രപ്രധാനമായ ഒരു കോടതി ഉത്തരവ് ഈ രീതി അവസാനിപ്പിച്ചു. ഓരോ സ്റ്റുഡിയോയ്ക്കും ശമ്പളക്കാരായ പ്രത്യേക നടീനടന്മാരായിരുന്നു അക്കാലത്ത്.

1950കൾ മുതൽ സ്റ്റുഡിയോകൾ ടെലിവിഷൻ പരിപാടികളും നിർമിക്കാൻ തുടങ്ങി. 1947ൽ ഹോളിവുഡിലെ ആദ്യ ടി.വി. സ്റ്റുഡിയോ നിലവിൽ വന്നു. 1958 മുതൽ ഹോളിവുഡ് വോക്ക് ഓഫ് ഫെയിം ഏർപ്പെടുത്തി. ആയുഷ്ക്കാല നേട്ടങ്ങളുടെ പേരിൽ ഒരു താരത്തെ നക്ഷത്രം പതിപ്പിച്ച് ആദരിക്കുന്ന സമ്പ്രദായമാണിത്.

1985ൽ ഹോളിവുഡ് ബുൾവാർഡ് കൊമേഷ്യൽ ഡിസ്ട്രിക്ടിനെ ചരിത്രപ്രധാന സ്ഥലങ്ങളിലൊന്നായി സർക്കാർ അംഗീകരിച്ചു. പഴയ ഹോളിവുഡ് ഹോട്ടൽ നിന്ന സ്ഥലത്ത് 2001 ൽ നിർമിച്ച കൊഡാക് തിയറ്ററാണ് ഇപ്പോൾ ഓസ്കാർ അവാർഡ് ദാനവേദി. കൊളംബിയ പിക്ചേഴ്സ്, ട്വന്റിയത് സെഞ്ചുറിഫോക്സ്, വാർണർ ബ്രദേഴ്സ്, പാരമൗണ്ട് പിക്ചേഴ്സ്, യൂണിവേഴ്സൽ സ്റ്റുഡിയോസ്, എം.ജി.എം. യുണൈറ്റഡ് ആർട്ടിസ്റ്റ്സ് എന്നിവയാണ് ഇന്ന് ഹോളിവുഡിലെ പ്രധാന ചലച്ചിത്രനിർമാണ സ്ഥാപനങ്ങൾ. ☆

**20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഹോളിവുഡിൽ അഞ്ഞൂറ് താമസക്കാരും ഒരു പോസ്റ്റോഫീസുമാണ് ഉണ്ടായിരുന്നത്. ഇക്കാലത്തുതന്നെ ന്യൂയോർക്കിലെയും ന്യൂജേഴ്സിയിലെയും സിനിമ നിർമാണക്കമ്പനികൾ ഹോളിവുഡിലേക്കു നീങ്ങിത്തുടങ്ങി. വിശ്വസിക്കാവുന്ന കാലാവസ്ഥയും തുറസ്സായ സ്ഥലങ്ങളും പ്രകൃതിഭംഗിയുമാണ് അവരെ ആകർഷിച്ചത്.**

CYAN MAGENTA YELLOW BLACK



>> 3

# പിണറായി വീണ്ടും ആട്ടിൻതോലണിയുന്നു?

**അഭിവന്ദ്യ പിതാക്കന്മാരെ, " നികൃഷ്ട ജീവികൾ" എന്നു വിളിച്ച് ആക്ഷേപിച്ചത് തെറ്റായി എന്ന് ഉറക്കെ പറയുമോ? " ഈശോയിൽ വിശ്വാസവും കീശയിൽ ആശ്വാസവും" എന്നും "രൂപത എന്നാൽ രൂപാ താ" എന്നാണ് എന്നും മറ്റും പറഞ്ഞ് വൈദികരെയും സഭയെയും ആക്ഷേപിച്ചത് ശരിയായില്ലെന്ന് ബേബിയെക്കൊണ്ട് പറയിപ്പിക്കുമോ? എസ്എഫ്ഐ, ഡിവൈഎഫ്ഐ നേതാക്കളെക്കൊണ്ട് വെള്ള ളോഹ ഇട്ടവരെ "വെള്ളയടിച്ച കുഴിമാടങ്ങ" ളെന്നു വിളിച്ച് അപമാനിച്ചത് തിരുത്തിക്കുമോ?**

വിജയനും, വി.എസും തമ്മിലുള്ള പാലക്കാട്ടു മുതൽ തുടങ്ങിയ കോഴിപ്പോരിൽ രണ്ട് കൂട്ടരോടൊപ്പവും നില്ക്കുന്ന പിബി നിലപാട് കണ്ടാലറിയാം പിബിയുടെ കേമം. എന്തായാലും ഡിഐസി ഇടതുമുന്നണിക്ക് പുറത്ത്. വിഎസ് തത്ക്കാലം ജയിച്ചു, എങ്കിലും മുഖ്യമന്ത്രിപദമോഹം പൂത്തുലഞ്ഞ വിജയൻ കേരള പര്യടനത്തിന്റെ വൈകുന്നേരങ്ങൾ സംഭവബഹുലമാക്കി. സായാഹ്ന സത്ക്കാരങ്ങളിൽ, കമ്യൂണിസ്റ്റ് ഭാഷയിൽ പറഞ്ഞാൽ "ജന്മി -പൗരോഹിത്യ-ബൂർഷ്വാ"സംഗമങ്ങൾ നടന്നു. വൈദിക പ്രമുഖർ വരെ സായാഹ്ന സത്ക്കാരങ്ങളിൽ പങ്കുകൊണ്ടു. വ്യവസായ പ്രമുഖർ, സമ്പന്ന വിഭാഗം"ആരും അന്യരല്ലെന്ന" പുതിയ തിയറി ആവേശപൂർവം ഉൾക്കൊണ്ടു.

തൊഴിലാളി വർഗത്തിന്റെ വർഗശത്രുക്കളായി കരുതിയവർ പാർട്ടി സെക്രട്ടറിയെ പൂമാല അണിയിക്കുന്നത് കണ്ട് "വിപ്ലവം" വന്നല്ലോ എന്ന് കരുതി കുട്ടിസഖാക്കൾ രോമഹർഷം കൊണ്ട് തിരുവനന്തപുരം വരെ പരിപാടി പൊടിപൊടിച്ചു. ആളു കൊള്ളാവുന്നവനാണെന്നു കരുതി ചെയ്യാവുന്ന സഹായമൊക്കെ ചെയ്തു കൊടുത്തു. ഇടതുപക്ഷം അധികാരത്തിൽ എത്തി. ന്യൂനപക്ഷ സത്ക്കാരങ്ങളിൽ ന്യൂനപക്ഷ താത്പര്യം സംരക്ഷിക്കുമെന്ന പ്രതീക്ഷ കൊടുക്കാൻ നയചാതുരിയോടെയുള്ള സഖാവു വിജയന്റെ സംഭാഷണം പ്രയോജനപ്പെട്ടു. ന്യൂനപക്ഷ വിഭാഗത്തിന്റെ നേതാക്കളായവരെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായ ഇടപെടലുകൾ. പക്ഷേ, വളരെവേഗം തന്നെ അദ്ദേഹം ആട്ടിൻതോലൂരി കോലം മാറിയ കാഴ്ചയാണ് ജനം കണ്ടത്. അത് ഇടതുപക്ഷം അധികാരത്തിൽ വന്നതിനു ശേഷമായിരുന്നു.

ഡിഐസിയെ മുന്നണിയിൽ എടുക്കാനുള്ള മോഹം പൊലിഞ്ഞതുപോലെ മുഖ്യമന്ത്രി മോഹവും പൊലിഞ്ഞു. ഇതിനും വില്ലനായത് പിബിയാണ്. വിഎസ് കുഴപ്പക്കാരനാണെന്നറിഞ്ഞുകൊണ്ട് തന്നെയാണ് കമ്യൂണിസ്റ്റ് സംഘടനാരീതിയനുസരിച്ച് ഭൂരിപക്ഷ തീരുമാനപ്രകാരം തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുമതി നല്കാതിരുന്നത്. സംസ്ഥാനകമ്മിറ്റി തീരുമാനം അംഗീകരിക്കുന്നതിനു പകരം അത് നിരാകരിക്കുകയും വിഎസിനെ സ്ഥാനാർത്ഥി ആക്കുകയും ചെയ്തതോടെ കാര്യം പാളിയെന്ന് മനസ്സിലാക്കി സംഘടനയെ തന്റെ വരുതിയിലാക്കാൻ പിണറായി ശ്രമിച്ചു. അതിൽ വിജയിച്ചു.

സംഘടനാ നേതൃത്വവും ഭരണനേതൃത്വവും തമ്മിലുള്ള പോരാട്ടം 'ജനക്ഷേമം' ഉറപ്പുവരുത്തി മുന്നേറുമ്പോൾ എന്തെല്ലാം കോലാഹലം കഴിഞ്ഞ മൂന്നു വർഷമായി കേരളജനത കണ്ടു!

ന്യൂനപക്ഷ വിഭാഗങ്ങളുടെ തെറ്റിദ്ധാരണ നീക്കാൻ ഇപ്പോൾ വീണ്ടും ചർച്ചയ്ക്ക് ഒരുങ്ങുന്ന പിണറായി സ്വാശ്രയ നിയമം കോടതിയിൽ കയറ്റിയത് എന്തിനായിരുന്നു എന്ന് ചർച്ചയിൽ വ്യക്തമാക്കുമോ? കത്തോലിക്കാ സഭയെ രണ്ടാക്കാൻ വേണ്ടി പ്രസംഗങ്ങളിലെല്ലാം ഒരു വിഭാഗം മെത്രാൻമാർ എന്ന് പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച കാര്യത്തിൽ കുറ്റബോധം ഉണ്ടെന്ന് ചർച്ചയിൽ പറയുമോ? ആർച്ചുബിഷപ്പ് പൗവ്വത്തിൽ കേരളത്തിലെ സമാധാനാന്തരീക്ഷം തകർക്കുന്നു എന്ന് ആരോപിച്ചത് തെറ്റായിരുന്നു എന്ന് സമ്മതിക്കുമോ? കർദിനാൾ വിതയത്തിലിനെ പുകഴ്ത്തിയും മറ്റുള്ളവരെ ഇകഴ്ത്തിയും കത്തോലിക്കാ മെത്രാന്മാരിൽ രണ്ട് വിഭാഗം ഉണ്ടെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചത് മാന്യമായില്ലെന്ന് സമ്മതിക്കുമോ?

ഓർത്തഡോക്സ്, പാത്രിയാർക്കീസ് വിഭാഗങ്ങളുടെ തർക്കങ്ങളിൽ പക്ഷം പിടിച്ച് ക്രിസ്തീയ സമൂഹത്തിൽ വിള്ളലുണ്ടാക്കാൻ ശ്രമിച്ചത് മോശമായി എന്ന് പറയുമോ? പാർലമെണ്ട് തിരഞ്ഞെടുപ്പിനുശേഷം യുഡിഎഫ് അനുകൂലികളായ ഒരു വിഭാഗം മെത്രാന്മാർ എന്ന് കൂടെക്കൂടെ പ്രസംഗിച്ചു തോല്‌വിയുടെ കാരണം അണികളെ ബോധ്യപ്പെടുത്താൻ നടത്തിയ തത്രപ്പാട് വസ്തുതകൾക്ക് നിരക്കാത്തതായിരുന്നു എന്ന് കുറ്റസമ്മതം നടത്തുമോ?

അഭിവന്ദ്യ പിതാക്കന്മാരെ, " നികൃഷ്ട ജീവികൾ" എന്നു വിളിച്ച് ആക്ഷേപിച്ചത് തെറ്റായി എന്ന് ഉറക്കെ പറയുമോ? " ഈശോയിൽ വിശ്വാസവും കീശയിൽ ആശ്വാസവും" എന്നും "രൂപത എന്നാൽ രൂപാ താ" എന്നാണ് എന്നും മറ്റും പറഞ്ഞ് വൈദികരെയും സഭയെയും ആക്ഷേപിച്ചത് ശരിയായില്ലെന്ന് ബേബിയെക്കൊണ്ട് പറയിപ്പിക്കുമോ? എസ്എഫ്ഐ, ഡിവൈഎഫ്ഐ നേതാക്കളെക്കൊണ്ട് വെള്ള ളോഹ ഇട്ടവരെ "വെള്ളയടിച്ച കുഴിമാടങ്ങ" ളെന്നു വിളിച്ച് അപമാനിച്ചത് തിരുത്തിക്കുമോ?

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ കയറി കോടിയേരിയുടെ പോലീസ് ഹൈക്കോടതി ഉത്തരവിന്റെ മറവിൽ അതിക്രമം കാണിച്ചപ്പോൾ, അവിടെ ചെന്ന് 'കോടിയേരിയുടെ പോലീസ് അതിക്രമം കാണിച്ചു' എന്ന് പറഞ്ഞത് അവസരവാദ നിലപാടിന്റെ ഭാഗമായിട്ടാണെന്ന് തുറന്നു സമ്മതിക്കുമോ?

ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നല്കിയ അവകാശങ്ങൾ കവർന്നെടുക്കാൻ ഭരണഘടനാവിരുദ്ധമായ നിയമനിർമാണങ്ങൾ ഉണ്ടാക്കിയതും അതിനെ കോടതി വഴി സംരക്ഷിക്കാൻ സാധാരണക്കാരന്റെ കോടിക്കണക്കിന് നികുതിപ്പണം ദുരുപയോഗം ചെയ്തതും ജനവഞ്ചനയും ന്യൂനപക്ഷ താത്പര്യ വിരുദ്ധവും ആയിരുന്നു എന്ന് ആണയിട്ട് പറയുമോ? ഇങ്ങനെയൊക്കെ ചെയ്യാനാണ് സഭാ നേതൃത്വവുമായി ചർച്ചയെങ്കിൽ കൊള്ളാം.

അല്ലെങ്കിൽ, "ചർച്ചയ്ക്ക് വരുന്നത് സഖാവു പിണറായി ആണ്. അദ്ദേഹം ആട്ടിൻതോലണിഞ്ഞാണ് വരുന്നത്. അതിൽ ദുരുദ്ദേശ്യമുണ്ട്, സൂക്ഷിക്കണം", എന്ന് പറയേണ്ടി വരും. ✖

## സുരേഷ് മൈലാട്ടുപാറ

### ബി. വി. എസ്. സംസ്ഥാന പ്രസിഡണ്ട്



ഭാരതീയ വേലൻ സൊസൈറ്റിയുടെ (ബി.വി.എസ്) സംസ്ഥാന പ്രസിഡണ്ടായി സുരേഷ് മൈലാട്ടുപാറ തെരഞ്ഞെടുക്കപ്പെട്ടു. തൊടുപുഴയിൽ നടന്ന 35-ാം സംസ്ഥാനസമ്മേളനമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

കേരളാ കോൺഗ്രസ് (എം) സംസ്ഥാന കമ്മിറ്റി അംഗം, കേരളാ ദളിത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ സുരേഷ് മൈലാട്ടുപാറ പ്രവർത്തിക്കുന്നു. കാർഷിക സർവകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, വെള്ളാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ഇടയിരിക്കപ്പുഴ അംബേദ്കർ സഹകരണ ആശുപത്രി പ്രസിഡണ്ട്, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം, ബി.വി.വൈ.എം സംസ്ഥാന പ്രസിഡണ്ട് എന്നീ നിലകളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി അംഗം, പൊൻകോ ഭരണസമിതിയംഗം, ബി.വി.എസ്.എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡണ്ട്. ബി.വി.എസ് മുഖപത്രമായ 'തുടിനാദം' മാസികയുടെ ചീഫ് എഡിറ്റർ, കേരളാ പട്ടികജാതി പട്ടികവർഗ സംയുക്ത സമിതി വൈസ് പ്രസിഡണ്ട്, വേലൻ, മണ്ണാൻ, പരവൻ, പതിയാൻ, വണ്ണാൻ, പെരുമണ്ണാൻ, ഭരതർ സമുദായങ്ങളുടെ ഏകോപനസമിതി കോട്ടയം ജില്ലാ കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## പ്രതികരണം

### പാവം...പാവം...അധ്യാപകർ

അധ്യാപകർ ആകെ ആശങ്കയിലാണ്. കാരണം മറ്റൊന്നുമല്ല, അധ്യാപക പരിശീലനക്ലാസ്സുകളും, ബിപിഎൽ സർവേയും കഴിഞ്ഞ് സ്കൂളിൽ ചെല്ലുമ്പോൾ തങ്ങളുടെ പണി കാണുമോ എന്നാണ് അവരുടെ ആശങ്ക!

പണി വേണമെങ്കിൽ ഡിവിഷൻ നിലനില്ക്കണം. ഡിവിഷൻ നിലനില്ക്കണമെങ്കിൽ അതിന് മതിയായ കുട്ടികൾ വേണം. കുട്ടികൾ വേണമെങ്കിൽ വീടുകൾ കയറിയിറങ്ങി പിള്ളാരെ പിടിക്കണം. ഈ അവസ്ഥയിലാണ് നമ്മുടെ സംസ്ഥാനത്തെ മിക്ക എയ്ഡഡ് സ്കൂളുകളും.

ഏപ്രിൽ-മെയ് മാസങ്ങളിലാണ് അധ്യാപകർ കുട്ടികളെ തപ്പി ഇറങ്ങുന്നത്. ഈ വർഷം ഇലക്ഷൻ കമ്മീഷനും, സർക്കാരുമെല്ലാം പാവപ്പെട്ട അധ്യാപകരോട് കാണിച്ചത് കുറച്ചു കടന്നകൈയായിപോയി എന്നാണ് ഒരു വിഭാഗം അധ്യാപകർ പറയുന്നത്.

ഏപ്രിൽ 16ന് ഇലക്ഷൻ, പലർക്കും ഇലക്ഷൻ ഡ്യൂട്ടി, അതിനു മുന്നോടിയായി പല ദിവസങ്ങളിലും ഇലക്ഷൻ ക്ലാസ്സുകൾ, ഇലക്ഷൻ കഴിഞ്ഞ ഉടൻ അധ്യാപക പരിശീലന ക്ലാസ്സ്. അതിന് ചെന്നില്ലെങ്കിൽ വിവരം വേറെ അറിയും. പരിശീലനം കഴിഞ്ഞ് കുട്ടികളെ പിടിക്കാം എന്ന ആശ്വാസത്തിൽ ഇരിക്കുമ്പോൾ അതാ വരുന്നു അടുത്തമാരണം ബിപിഎൽ സർവേയുടെ രൂപത്തിൽ - പോകാത്തവർക്ക് എതിരെ കർശനനടപടി ഉണ്ടാകും എന്ന് ബഹു:കളക്ടറുടെ ഉത്തരവും!

സർവേയ്ക്ക് പോകുന്ന കൂട്ടത്തിൽ വീടുകളിൽ കുട്ടികളുടെ കാര്യം കൂടി സംസാരിച്ചാലോ എന്നുപോലും ചിന്തിക്കുന്ന അധ്യാപകരും കുറവല്ല. ആറും ഏഴും ലക്ഷം രൂപ മാനേജുമെണ്ടിന് നല്കി കയറിക്കൂടുന്നവർ തങ്ങളുടെ നിലനില്പ്പിനായി ഓരോ കുട്ടിയ്ക്ക് പത്തോ നൂറോ വീതം മുടക്കുമ്പോൾ നമുക്ക് അവരെ കുറ്റപ്പെടുത്താനാകില്ല.

അങ്ങനെ സർവേ വീണ്ടും നീട്ടി. ഒപ്പം അധ്യാപകന്റെ കഷ്ടപ്പാടും നീളുന്നു. പാവം അധ്യാപകർ, ഇവരുടെ കഷ്ടപ്പാട് എന്നു തീരും. ഓരോ അധ്യാപകന്റെയും ഡിവിഷൻ ഈ വർഷവും നിലനില്ക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

• • •

**സന്തോഷ് മാവേലി**
**കങ്ങഴ**

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK






പി.ആർ.



## കേരളം

**31.** പ്രശസ്ത കാർട്ടൂണിസ്റ്റും സിനിമാനിർമാതാവുമായിരുന്ന കെ.പി.തോമസ് (74) അന്തരിച്ചു.

-  ലാവ്‌ലിൻ കേസും പിഡിപി ബന്ധവും, നാക്കിനെല്ലില്ലാതെ ചിലർ ന്യൂനപക്ഷങ്ങൾക്കെതിരെ വെല്ലുവിളിനടത്തിയതും ഇടതുമുന്നണിയുടെ കനത്ത തോല്‌വിക്ക് കാരണങ്ങളാണെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവൻ.

**1.**  ആണവകരാറിന്റെ മാത്രം പേരിൽ യുപിഎ സർക്കാരിനുള്ള പിന്തുണ പിൻവലിച്ചത് പാളിച്ചയായിരുന്നെന്നും ഇതിന് പിന്നിൽ സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ മാത്രം പിടിവാശിയായിരുന്നെന്നും സിപിഐ സംസ്ഥാന കൗൺസിൽ യോഗത്തിന്റെ അവസാനം ദേശീയ സെക്രട്ടറി എ.ബി. ബർദൻ.

- ടീ കോം അധികൃതരുമായി യുഡിഎഫ് സർക്കാർ ഉണ്ടാക്കിയ കരാറിൽ ഇടതുസർക്കാർ വരുത്തിയ മാറ്റങ്ങൾ മൂലമാണ് പദ്ധതി അനിശ്ചിതത്വത്തിലായിരിക്കുന്നതെന്ന് പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടി.

**2.** കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് കോട്ടയം നഗരസഭാധ്യക്ഷ റീബാ വർക്കിയെയും മറ്റു മൂന്നു കൗൺസിലർമാരെയും സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ ആറു വർഷത്തേക്ക് അയോഗ്യരാക്കി.

- സർവീസിൽനിന്ന് സസ്പെൻഡ് ചെയ്ത ഇടതുസർക്കാരിന്റെ നടപടിക്കെതിരെ സുരേഷ്‌കുമാർ ഐഎഎസ് നല്കിയ ഹർജി കൊച്ചിയിലെ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തള്ളി.

**3.** ലാവ്‌ലിൻ കേസിൽ പിണറായി വിജയന്റെ പങ്ക് വ്യക്തമാക്കുന്ന തെളിവുകൾ സഹിതം സിബിഐ ഗവർണർക്ക് വിശദീകരണ റിപ്പോർട്ട് നല്കി.

- കോൺഗ്രസ് നേതാവും സംസ്കൃത പണ്ഡിതനുമായിരുന്ന കരിമ്പിൽ കുഞ്ഞമ്പു (90) അന്തരിച്ചു.

**4.** സുകുമാർ അഴീക്കോടിനെ സിപിഎമ്മിന്റെ സൂപ്പർ അഡ്വൈസറായി ആരാണ് നിയമിച്ചതെന്ന് തനിക്കറിയില്ലെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ.

- പുതിയ പാർട്ടിയും പത്രവും തുടങ്ങാൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ശ്രമം നടത്തിയിരുന്നതായി സിപിഎം സംസ്ഥാന സമിതിയിൽ ആരോപണം.
- അംഗീകാരമില്ലാത്ത സ്കൂളുകളുടെ അധികൃതർക്കെതിരെ വഞ്ചനാ കുറ്റം ചുമത്തി ക്രിമിനൽ കേസെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു.

**5.** ചലച്ചിത്രമേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള സംസ്ഥാനസർക്കാരിന്റെ ജെ.സി.ഡാനിയേൽ അവാർഡിന് പ്രശസ്ത നിർമാതാവും ജനറൽ പിക്ചേഴ്സ് ഉടമയുമായ കെ.രവീന്ദ്രൻ നായരെ തിരഞ്ഞെടുത്തു.

- കുട്ടനാട് കാർഷിക പാക്കേജിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇതുവരെയും പദ്ധതികളോ നിർദേശങ്ങളോ സമർപ്പിച്ചിട്ടില്ലെന്ന് കേന്ദ്ര കൃഷിമന്ത്രി ശരത്പവാറും സഹമന്ത്രി കെ.വി.തോമസും, കൊടിക്കുന്നിൽ സുരേഷ് എം.പി സമർപ്പിച്ച നിവേദനത്തിനുള്ള മറുപടിയിൽ വ്യക്തമാക്കി.
- സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കാത്തതുവഴി സംസ്ഥാന സർക്കാരിന്റെ കഴിവുകേടാണ് വ്യക്തമാക്കപ്പെടുന്നതെന്ന് ഇൻഫോസിസ് എം.ഡി. ക്രിസ് ഗോപാലകൃഷ്ണൻ. 

**6.** മൂന്ന് പതിറ്റാണ്ടുകൾക്കുശേഷം ആദ്യമായി അറ്റകുറ്റപ്പണികൾക്കായി കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുതപദ്ധതിയായ ഇടുക്കി നിലയത്തിന്റെ പ്രവർത്തനം പൂർണമായും നിർത്തിവച്ചു.

- 113 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം വർധിച്ച് അപകടസാധ്യതയേറിയതായി സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി വിലയിരുത്തി.
- അടിസ്ഥാന സൗകര്യവികസനത്തിന് സ്വകാര്യമേഖലയുടെ പങ്കാളിത്തം അനിവാര്യമാണെന്ന് ധനമന്ത്രി തോമസ് ഐസക്ക്.



## ദേശീയം

**31.**  ചുഴലിക്കാറ്റ് നാശം വിതച്ച ദക്ഷിണ 24 പർഗാന ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പിൽ എത്തിയ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യയെ ദുരന്ത ബാധിതർ ഘെരാവോ ചെയ്തു.

-  ബിജെപി പാർലമെണ്ടറി പാർട്ടി നേതാവും ലോക്സഭയിലെ പ്രതിപക്ഷ നേതാവുമായി എൽ.കെ. അഡ്വാനിയെ തെരഞ്ഞെടുത്തു.

**1.** കേരളത്തിൽനിന്നുള്ള 20 പേർ അടക്കം വിവിധ സംസ്ഥാനങ്ങളിൽനിന്നായി 350 എംപിമാർ 15-ാം ലോക്സഭയുടെ ആദ്യ സമ്മേളനദിവസം സത്യപ്രതിജ്ഞ ചെയ്തു.

- ഇന്ത്യൻ വ്യോമസേനയുടെ മേധാവിയായി എയർ ചീഫ് മാർഷൽ പ്രദീപ് വസന്ത് ചുമതലയേറ്റു.

**2.** യുപിഎയുടെ ആദ്യ ഗവൺമെണ്ടിന്റെ കാലത്ത് പ്രധാനമന്ത്രിയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവായിരുന്ന എം.കെ.നാരായണനോടും പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ.നായരോടും അതത് പദവികളിൽ തുടരാൻ കേന്ദ്ര സർക്കാർ നിർദേശിച്ചു.

- പുണ്യനദിയായ ഗംഗയെ പൂർണമായും മാലിന്യവിമുക്തമാക്കുന്നതിനും അത് നിലനിർത്തിക്കൊണ്ടുപോകുന്നതിനുമായുള്ള ആയിരം കോടി രൂപയുടെ ബൃഹത് പദ്ധതി ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ പ്രഖ്യാപിച്ചു.

**3.**  സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ലോക്സഭയുടെ വനിതാ സ്പീക്കറായി യുപിഎ സ്ഥാനാർത്ഥി മീരാകുമാർ ചുമതലയേറ്റു.

-  രാജ്യസഭയിലെ പ്രതിപക്ഷനേതാവായി അരുൺ ജെയ്റ്റ്‌ലിയെ ബിജെപി നിയോഗിച്ചു.
- കൊച്ചി രാജ്യാന്തര വിമാനത്താവള കമ്പനി (സിയാൽ) മാനേജിംഗ് ഡയറക്ടറായി ഡോ.സി.ജി.കൃഷ്ണദാസിനെ നിയമിച്ചു.

**3.**  ഓസ്ട്രേലിയയിലെ ആക്രമണങ്ങളിൽ നിന്ന് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സംരക്ഷണം നല്കണമെന്നാവശ്യപ്പെട്ട് ജോസ് കെ. മാണി എംപി കേന്ദ്ര വിദേശകാര്യമന്ത്രി എസ്.എം.കൃഷ്ണ, സഹമന്ത്രി ശശി തരൂർ എന്നിവരെ സന്ദർശിച്ച് നിവേദനം നല്കി.

**4.**  ഡൽഹിയിൽ കുത്തബ് മീനാറിന്റെ സമീപത്തുനിന്നും ലഷ്കർ ഇ തൊയ്ബയുടെ കമാൻഡർ മുഹമ്മദ് ഉമ്മർ മദനി (50) യെ തീവ്രവാദവിരുദ്ധ പ്രത്യേകസംഘം അറസ്റ്റുചെയ്തു.

- സമാജ്‌വാദിപാർട്ടി ദേശീയ അധ്യക്ഷൻ മുലായംസിംഗ് യാദവിന്റെ പുത്രനും എംപിയുമായ അഖിലേഷ് യാദവിനെ പാർട്ടിയുടെ ഉത്തർപ്രദേശ് സംസ്ഥാന പ്രസിഡണ്ടായി നിയമിച്ചു.

**5.** 1972 ഐഎഎസ് ബാച്ചിലെ കേരള കേഡർ ഉദ്യോഗസ്ഥനായ ഗോപാൽ കൃഷ്ണപിള്ളയെ കേന്ദ്ര ആഭ്യന്തര സെക്രട്ടറിയായി നിയമിച്ചു.

- സിപിഎം ലോക്സഭാ കക്ഷിനേതാവായി ബസുദേവ് ആചാര്യയെയും ചീഫ് വിപ്പായി ഡോ.രാമചന്ദ്ര സോമിനെയും തിരഞ്ഞെടുത്തു.
-  കേന്ദ്ര ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷനായി മൊണ്ടേക് സിംഗ് അലുവാലിയ (ക്യാബിനറ്റ് മന്ത്രിയുടെ റാങ്കിൽ) തുടരും.

**6.** പന്നിപ്പനി-പക്ഷിപ്പനി എന്നിവയുടെ ഭീതിയിൽ എല്ലാ പക്ഷിമൃഗങ്ങളുടെയും അവയുടെ ഉത്പന്നങ്ങളുടെയും ഇറക്കുമതി നിരോധിച്ച് കേന്ദ്രസർക്കാർ ഉത്തരവിട്ടു.

-  വനിതാ സംവരണബിൽ നിലവിലുള്ള രൂപത്തിൽ പാസാക്കിയാൽ താൻ വിഷം കഴിച്ച് ആത്മഹത്യ ചെയ്യുമെന്ന് ജനതാദൾ യുണൈറ്റഡ് നേതാവ് ശരത് യാദവ് ലോക്സഭയിൽ നന്ദിപ്രമേയ ചർച്ചയ്ക്കിടെ പറഞ്ഞു.



## വിദേശം

**31.** ടൈറ്റാനിക് കപ്പൽ ദുരന്തത്തിൽനിന്ന് രക്ഷപ്പെട്ടവരിൽ ജീവിച്ചിരുന്ന അവസാനത്തെ യാത്രക്കാരിയായ മിൽവീന സീൻ (97) ലണ്ടനിൽ അന്തരിച്ചു.

- പാകിസ്ഥാനിലെ ദക്ഷിണ വസീരിസ്ഥാനിൽ സൈനിക ക്യാമ്പിനുനേരെ ആക്രമണം നടത്തിയ 45 താലിബാൻകാരെ സൈന്യം വധിച്ചു.
- അഹ്‌വാസിൽനിന്നും 131 യാത്രക്കാരുമായി ടെഹ്റാനിലേക്കു പുറപ്പെട്ട ഇറാന്റെ വിമാനത്തിൽ ഒളിപ്പിച്ചുവച്ചിരുന്ന ബോംബ് ശ്രദ്ധയിൽപെട്ടതോടെ വിമാനം തിരിച്ചിറക്കി ബോംബ് നിർവീര്യമാക്കി.
- ബ്രസീലിലെ റിയോഡി ജനീറോയിൽ നിന്ന് 228 പേരുമായി പാരീസിലേക്ക് പുറപ്പെട്ട എയർഫ്രാൻസിന്റെ എയർബസ് എ-330 വിമാനം അറ്റ്‌ലാന്റിക് സമുദ്രത്തിൽ തകർന്നുവീണു.

**1.** പെറുവിൽ ആമസോണസ് പ്രവിശ്യയിലെ ജയിലിൽനിന്നും അമ്പതോളം തടവുകാർ രക്ഷപെട്ടു.

- വെസ്റ്റ് ബാങ്കിലെ ഖൽഖ്വീലിയ പട്ടണത്തിൽ ഫത്താഭരണകൂടത്തിന്റെ പോലീസും ഹമാസ് പോരാളികളും തമ്മിൽ ഉണ്ടായ ഏറ്റുമുട്ടലിൽ നാല് പോലീസുകാരും രണ്ട് ഹമാസ് പോരാളികളും കൊല്ലപ്പെട്ടു.

**2.** മുംബൈ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് പാകിസ്ഥാനിൽ ആറുമാസത്തോളമായി വീട്ടുതടങ്കലിലായിരുന്ന ജമാ അത്തുദ്ദഅവ എന്ന ഭീകരസംഘടനയുടെ മേധാവി ഹാഫിസ് മുഹമ്മദ് സയീദിനെയും കൂട്ടാളി റിട്ട.കേണൽ നസീർ മുഹമ്മദിനെയും ലാഹോർ ഹൈക്കോടതി മോചിപ്പിച്ചു.

- ഉത്തരകൊറിയയ്ക്ക് യുറേനിയം സമ്പുഷ്ടീകരണ സാങ്കേതികവിദ്യ പാകിസ്ഥാൻ കൈമാറിയത് ദീർഘദൂര മിസൈൽ സാങ്കേതികവിദ്യയ്ക്ക് പകരമാണെന്ന് അമേരിക്കയുടെ റിസേർച് വിംഗ് റിപ്പോർട്ട്.

**3.**  അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസിയായ സിഐഎ തന്നെ വധിക്കാൻ പദ്ധതിയിട്ടതായി വെനസ്വേലയുടെ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസ്.

-  മുൻ പാകിസ്ഥാൻ പ്രധാനമന്ത്രി ബേനസീർ ഭൂട്ടോയുടെ വധവുമായി ബന്ധപ്പെട്ട് മുൻ പ്രസിഡണ്ട് പർവേസ് മുഷറഫിനെ വിചാരണ ചെയ്യണമെന്ന് പ്രധാന പ്രതിപക്ഷപാർട്ടിയായ പിഎംഎൽ(എൻ).

**4.** മാലിയിൽ തങ്ങൾ ബന്ദിയാക്കിയ ബ്രിട്ടീഷ് പൗരൻ എഡ്‌വിൻ ഡയറെ വധിച്ചുവെന്നു അൽ ഖയ്ദ.

-  അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമ സൗദി രാജാവ് അബ്ദുള്ളയെ റിയാദിൽ സന്ദർശിച്ച് ചർച്ച നടത്തി.

**5.** മുംബൈ ഭീകരാക്രമണത്തിൽ ജമാഅത്തുദ്ദഅവ മേധാവി ഹാഫിസ് മുഹമ്മദ് സയീദിന് ബന്ധമുള്ളതായി തെളിവില്ലെന്ന് പാകിസ്ഥാൻ സർക്കാർ.

- സ്വാത് താഴ്‌വരയോടു ചേർന്നുള്ള ദിർ ജില്ലയിലെ മസ്ജിദിൽ പ്രാർത്ഥനയ്ക്കിടെ ഭീകരൻ നടത്തിയ സ്ഫോടനത്തിൽ 40 മരണം.
- ശ്രീലങ്കൻ സർക്കാർ എൽടിടിഇയ്ക്കുമേൽ നേടിയ വിജയം ആഘോഷിക്കുന്നത് അവസാനിപ്പിച്ച് രാജ്യത്തെ ഐക്യം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഐക്യരാഷ്ട്രരക്ഷാസമിതിയിൽ സെക്രട്ടറി ജനറൽ ബാൻ കി മൂൺ.

**6.** മെക്സിക്കോയിലെ സൊണോറ സംസ്ഥാനത്ത് ഡെ കെയർ സെന്ററിൽ ഉണ്ടായ തീപിടുത്തത്തിൽ 27 കുട്ടികൾ മരിച്ചു.

- ഭീകരപ്രവർത്തനത്തെ പ്രതിരോധിക്കുവാനായി പാകിസ്ഥാന് നല്കിയ ധനസഹായം ഇന്ത്യയ്ക്കെതിരായ സൈനികനീക്കത്തിനുവേണ്ടി പാകിസ്ഥാൻ ചിലവഴിക്കുന്നതായി പെന്റഗൺ റിപ്പോർട്ട്.

********

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ വാരിക

2009 ജൂൺ 17
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

**റാപ്പർ ശ്രദ്ധിക്കുക**
**വരിസംഖ്യ പുതുക്കുക**

Prathichaya
NEWS WEEKLY

Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

**വിദേശകാഴ്ച**

പ്രിൻസ് രാജ്

# സാൽവദോറിന് പുതിയ പ്രസിഡണ്ട്

## ലാറ്റിനമേരിക്കയ്ക്ക് പുതിയ പ്രതീക്ഷ



ലാറ്റിനമേരിക്കൻ രാജ്യമായ എൽ സാൽവദോറിൽ മുൻ മാർക്സിസ്റ്റ് ഗറില്ലാ പോരാളികളുടെ പാർട്ടിയായ ഫരാബന്ദോ മാർത്തി നാഷണൽ ലിബറേഷൻ ഫ്രണ്ടി (എഫ്.എം.എൽ.എൻ) ന്റെ നേതാവ് മൗറീഷ്യോ ഫ്യൂൺസ് (49) രാജ്യത്തെ ആദ്യ ഇടതുപക്ഷ പ്രസിഡണ്ടായി ജൂൺ ഒന്നിന് ചുമതലയേറ്റു. മാർച്ച് 15നായിരുന്നു തെരഞ്ഞെടുപ്പ്.

1980 മുതൽ 12 വർഷക്കാലം എൽ സാൽവദോറിലെ സർക്കാരുകൾക്കെതിരെ ആക്രമണം അഴിച്ചുവിട്ടവരുടെ കൂട്ടായ്മയാണ് എഫ്.എം.എൽ.എൻ. അമേരിക്കൻ ആഭിമുഖ്യം ആരോപിച്ചായിരുന്നു സർക്കാരുകൾക്കെതിരായ ആക്രമണം. എഴുപതിനായിരത്തിലധികം പേരുടെ ജീവൻ നഷ്ടപെട്ട ഈ പോരാട്ടങ്ങൾക്ക് ശമനമുണ്ടായത് 2002ൽ ഐക്യരാഷ്ട്രസഭ മുൻകയ്യെടുത്ത് പ്രാവർത്തികമാക്കിയ സമാധാന ഉടമ്പടിയെ തുടർന്നാണ്.

തലസ്ഥാനമായ സാൻ സാൽവദോറിൽ നടന്ന സത്യപ്രതിജ്ഞാചടങ്ങിൽ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റണും സന്നിഹിതയായിരുന്നു. അഞ്ച് പതിറ്റാണ്ടോളമായി മുടങ്ങിക്കിടന്നിരുന്ന ക്യൂബയുമായുള്ള നയതന്ത്ര ബന്ധമുൾപ്പെടെ പുന:സ്ഥാപിക്കുന്നതിനുള്ള ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയാണ് സ്ഥാനമേറ്റെടുത്തതിനുശേഷം ഫ്യൂൺസ് ആദ്യം ചെയ്തത്. ക്യൂബയുമായി പൂർണമായും ബന്ധം വിച്ഛേദിക്കപ്പെട്ടിരുന്ന ഏക ലാറ്റിനമേരിക്കൻ രാജ്യമായിരുന്നു എൽ സാൽവദോർ.

1992 മുതൽ നടന്ന എല്ലാ പ്രസിഡണ്ട് തെരഞ്ഞെടുപ്പുകളിലും വലതുപക്ഷ പാർട്ടിയായ അറീനാ പാർട്ടിയാണ് വിജയിച്ചിരുന്നത്. അറീനയുടെ നേതാവായ അന്റോണിയോ സാകയായിരുന്നു തൊട്ടുമുമ്പത്തെ പ്രസിഡണ്ട്.

ഫ്യൂൺസിന്റെ വിജയവും പഴയ കമ്യൂണിസ്റ്റ് ഗറില്ലകളുടെ ജനാധിപത്യ പ്രവേശനവും സാൽവദോറിലും അതുവഴി അമേരിക്കൻ ഭൂഖണ്ഡത്തിലും ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തട്ടെ എന്നാണ് ആശംസാപ്രസംഗത്തിൽ ഹിലാരി ക്ലിന്റൺ പറഞ്ഞത്. എന്നാൽ ഇത്തരം പോരാളികൾ ശാശ്വതമായി 'ആയുധം' ഉപേക്ഷിക്കുവാൻ വൈമനസ്യമുള്ളവരാണെന്ന് നമ്മുടെ അയൽരാജ്യമായ നേപ്പാളിലെ സമീപകാല രാഷ്ട്രീയ സ്ഥിതിഗതികൾ വ്യക്തമാക്കുന്നു. അതിനൊരപവാദമാകട്ടെ എഫ്.എം.എൽ.എൻ പാർട്ടിയും മൗറീഷ്യോ ഫ്യൂൺസ് സർക്കാരുമെന്ന് പ്രത്യാശിക്കാം.



*സാൽവദോറിന്റെ തലസ്ഥാനമായ സാൻ സാൽവദോർ*



*ഏപ്രിൽ 18ന് ട്രിനിടാഡിൽ നടന്ന ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സ് (ഒ.എ.എസ്) ന്റെ അഞ്ചാമത് ഉച്ചകോടിക്കിടെ യു.എസ്. പ്രസിഡണ്ട് ബറാക് ഒബാമയും സാൽവദോറിന്റെ മുൻ പ്രസിഡണ്ട് അന്റോണിയോ സാകയും സംഭാഷണത്തിൽ.*

'സാൽവദോർ' എന്ന സ്പാനിഷ് വാക്കിന്റെ അർത്ഥം യേശുക്രിസ്തു എന്നാണ്. അമേരിന്ത്യൻ ഗോത്രങ്ങളുടെ ആവാസഭൂമിയായിരുന്ന ഈ നാട് അറിയപ്പെട്ടിരുന്നത് 'സുന്ദരരത്നങ്ങളുടെ നാട്" എന്നർത്ഥമുള്ള 'കുസ്കറ്റ്ലാൻ' എന്നാണ്. 1540ൽ ഇത് സ്പാനിഷ് കോളനിയായി മാറിയതോടെയാണ് സാൽവദോർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടത്. എൽ സാൽവദോറിന്റെ കഴിഞ്ഞ കാലങ്ങളിലേക്ക്....



*1821 സെപ്റ്റംബർ 15* – അമേരിക്കൻ സ്വാതന്ത്ര്യനിയമം ഒപ്പിട്ടതോടെ എൽ സാൽവദോർ സ്പെയിന്റെ അധീനതയിൽ നിന്നും സ്വതന്ത്രമായി.

*1823* – മധ്യ അമേരിക്കൻ രാജ്യങ്ങളുടെ സംഘടനയായ യുണൈറ്റഡ് പ്രോവിൻസസ് ഓഫ് സെൻട്രൽ അമേരിക്കയിൽ എൽ സാൽവദോർ അംഗമായി.

*1838* – എൽ സാൽവദോർ സ്വതന്ത്ര റിപ്പബ്ലിക്കായി.

*1859* – പ്രസിഡണ്ട് ഗിറാർഡോ ബാരിയോസ് രാജ്യത്ത് കാപ്പികൃഷി വ്യാപകമാക്കി. (കാപ്പിതോട്ടമുടമകൾ പിന്നീട് ഭരണത്തിലും മറ്റും ഏറെ സ്വാധീനമുള്ള വൻ സാമ്പത്തിക ശക്തികളായി മാറി. എന്നാൽ തൊഴിലാളി വിഭാഗമാകട്ടെ സാമ്പത്തിക പ്രതിസന്ധിയിൽ തന്നെ തുടർന്നു).

*1932* – അമേരിന്ത്യക്കാരും ദരിദ്രകർഷകതൊഴിലാളികളും ഫരാബന്ദോ മാർത്തിയുടെ നേതൃത്വത്തിൽ സർക്കാരിനെതിരെ പ്രക്ഷോഭം നടത്തി. എന്നാൽ ഭരണകൂടം ക്രൂരമായി പ്രക്ഷോഭത്തെ അടിച്ചമർത്തി. മുപ്പതിനായിരത്തിലധികം പേർ കൊല്ലപ്പെട്ടു. 'ലാ മതാൻസ' (കൂട്ടക്കൊല) എന്നാണ് ഇത് അറിയപ്പെടുന്നത്.

*1961* – വലതുപക്ഷ, നാഷണൽ കൗൺസിലേഷൻ പാർട്ടി (പിസിഎൻ) അധികാരത്തിൽ വന്നു. ലെഫ്.കേണൽ ഹോസെ മരിയാ പ്രസിഡണ്ട്.

*1962* – ലെഫ്.കേണൽ ഹൂലിയോ അദെൽ ബർത്തോ റിവേറ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

*1967* – കേണൽ ഫിദെൽ സാഞ്ചെത് ഹെർനാൻ സെത് പ്രസിഡണ്ടായി.

*1969* – ഹോണ്ടുറസ്സുമായി കുടിയേറ്റക്കാരുടെ പേരിൽ യുദ്ധം. (ഇത് ഫുട്ബോൾ യുദ്ധമെന്നാണ് അറിയപ്പെടുന്നത്)

*1977* – ജനറൽ കാർലോസ് റൊമീറോ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

*1980* – പന്ത്രണ്ടുവർഷം നീണ്ട രക്തപങ്കിലമായ ആഭ്യന്തരയുദ്ധം ആരംഭിച്ചു.

*1981* – എഫ്.എം.എൽ.എൻ – നെതിരെ നടത്തിയ സൈനിക നടപടിയിൽ തൊള്ളായിരത്തിലധികം സാധാരണക്കാർ കൂട്ടക്കുരുതിക്കിരയായി. ഇത് എൽ മൊസൊത്തെ കൂട്ടക്കൊല എന്നറിയപ്പെടുന്നു.

*1982 മാർച്ച് 28* – വലതുപക്ഷ, നാഷണൽ റിപ്പബ്ലിക്ക് അലിയൻസ് (അറീന) അധികാരത്തിൽ.

*1984* – പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഹോസെ നെപ്പോളിയൻ ദുവാർത്തെ വിജയിച്ചു.

*1989* – അറീനയുടെ സ്ഥാനാർത്ഥി ആൽഫ്രെദോ ക്രിസ്റ്റ്യാനി പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

*1992* – എഫ്.എം.എൽ.എൻ ഒരു രാഷ്ട്രീയ പാർട്ടിയായി അംഗീകരിക്കപ്പെട്ടു. വലതുപക്ഷ സർക്കാർ, ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിലുള്ള സമാധാന ഉടമ്പടിയിൽ ഒപ്പുവച്ചു.

*2001* – ജനുവരി, ഫെബ്രുവരി മാസങ്ങളിലായുണ്ടായ അതിശക്തമായ ഭൂകമ്പത്തിൽ ആയിരത്തിലധികംപേർ കൊല്ലപ്പെടുകയും പത്തുലക്ഷത്തോളം പേർ ഭവനരഹിതരാവുകയും ചെയ്തു.

*2003* – സാൽവദോറിൽ പ്രതിഷേധം ശക്തമായതിനെത്തുടർന്ന്, അമേരിക്കയുടെ ഇറാഖിനുമേലുള്ള സൈനിക നടപടിയുടെ ഭാഗമായി അവിടേയ്ക്ക് അയച്ചിരുന്ന 360 സാൽവദോറിയൻ സൈനികരെ പിൻവലിച്ചു.

*2004 മാർച്ച് 21* – അറീന പാർട്ടിയുടെ നേതാവ് അന്റോണിയോ സാക പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ വിജയിച്ചു.

*2005* – അമേരിക്കൻ രാജ്യങ്ങളുടെ സംഘടനയായ ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റിന്റെ (ഒ.എ.എസ്) മനുഷ്യാവകാശ കോടതി 1981ലെ എൽ മൊസേത്താ കൂട്ടക്കൊല സംബന്ധിച്ച് പുന:രന്വേഷണത്തിന് ഉത്തരവിട്ടു.

*2006 മാർച്ച്* – അമേരിക്കയുമായി സ്വതന്ത്രവ്യാപാരകരാറിൽ ഒപ്പുവച്ചു. അമേരിക്കയുമായി ഇത്തരത്തിൽ കരാറിലേർപ്പെടുന്ന ആദ്യ മധ്യ അമേരിക്കൻ രാജ്യമായി എൽ സാൽവദോർ.

*2006 ഏപ്രിൽ* – അയൽരാജ്യമായ ഹോണ്ടുറാസുമായി പരസ്പരധാരണയോടെ പുതിയ അതിർത്തി നിർണയിച്ചു.

*2009 ജൂൺ 1* – പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ 51.32 ശതമാനം വോട്ടുകൾ നേടി വിജയിച്ച മൗറീഷ്യോ ഫ്യൂൺസ് സാൽവദോറിന്റെ പ്രസിഡണ്ടായി ചുമതലയേറ്റു.

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK